**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കാഞ്ഞങ്ങാട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന - സീനിയർ ക്ലാർക്കായ ശ്രീ. പി കെ. സുരേഷിനെതിരായ അച്ചടക്കനടപടി - അന്വേഷണ ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 2582/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 08.10.2018

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 30.09.2016 തീയതിയിലെ ഇ 26(എസ്.സി 46/ 15/ KSD) 21853/ 14/ UA നം. കത്ത്

2.സർക്കാരിന്റെ 17.05.2017 തീയതിയിലെ ഇയു2/ 113/ 17/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. ശ്രീ. സുരേഷ് പി കെ. സമർപ്പിച്ച 21.06.2017 തീയതിയിലെ പ്രതിവാദപത്രിക.

4.നഗരകാര്യഡയറക്ടറുടെ 30.08.18 തീയതിയിലെ വി2- 12403/ 17 നമ്പർ കത്ത്

**ഉത്തരവ്**

'ഓപ്പറേഷൻ കിച്ചടി'യുടെ ഭാഗമായി കാഞ്ഞങ്ങാട് നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 30.12.2015- ൽ നടത്തിയ പരിശോധനയിൽ നഗരസഭയിൽ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ ശരിയായി കണക്കുകൂട്ടൽ വരുത്തിയും ശരിയായ രീതിയിൽ കൈകാര്യം ചെയ്തും സൂക്ഷിക്കുന്നില്ല എന്ന് കണ്ടതിനാൽ ആയതിന് ഉത്തരവാദിയെന്ന് ആരോപിച്ച് സീനിയർ ക്ലാർക്കായ ശ്രീ. സുരേഷ് പി കെ. യ്ക്കെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ശ്രീ. സുരേഷ് പി. കെ. പരാമർശം 3 പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചിട്ടുണ്ട്.

2. ശ്രീ. സുരേഷ് പി കെ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ശ്രീ. സുരേഷ് പി കെ.യ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC& A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ ശ്രീ. സുരേഷ് പി കെ. എന്ന ജീവനക്കാരനെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നഗരകാര്യഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.പി.എ മിനിയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീമതി. പി.എ മിനി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, നഗരകാര്യ ഡയറക്ടറേറ്റ്,(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ